പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 29.06.2012 ൽ
ചോദ്യം നമ്പർ.4528 | മറുപടിയ്ക്ക്

## ബി.പി.എൽ.കാരെ നിശ്ചയിച്ചതിൽ അപാകതയും പൊരുത്ത ക്കേടുകളും സംബന്ധിച്ച വിശദാംശങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക്<br>,, കെ. എം. ഷാജി<br>,, എൻ. എ. നെല്ലിക്കുന്ന്<br>,, അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ സംസ്ഥാനത്ത് ബി.പി. എൽ.കാരെ നിശ്ചയിച്ചതിൽ അപാകതയും പൊരുത്തക്കേടുമുണ്ടായിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ബി.പി.എൽ സർവ്വേ നടത്തിവരുന്നത്. എന്നാൽ കേന്ദ്ര സർക്കാർ സഹായം ലഭ്യമാക്കുന്നത് നാഷണൽ സാമ്പിൾ സർവ്വേയുടെ കണക്കനുസരിച്ച് സംസ്ഥാനത്തുള്ള ബി.പി.എൽ കുടുംബങ്ങൾക്ക് ആനുപാതികമായിട്ടാണ്. ഇതിനെക്കുറിച്ച് പരാതിയുണ്ടായിട്ടുണ്ട്. |
| ബി) എങ്കിൽ സർക്കാർ മാനദണ്ഡം മറികടക്കാൻ സംസ്ഥാനത്തിന് പ്രത്യേക മാനദണ്ഡം നിശ്ചയിക്കുമോ ; | ബി) | 2009 ബി.പി.എൽ സർവ്വേയുടെ അടിസ്ഥാനത്തിൽ സർവ്വേ ചെയ്ത കുടുംബങ്ങളിൽ നിന്നും ബി.പി.എൽ പട്ടിക തയ്യാറാക്കിയത് 14.01.2011 ലെ സർക്കാർ ഉത്തരവ് (കൈ) നം.16/2011/തസ്വഭവ പ്രകാരം സംസ്ഥാന സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളുടേയും സൂചകങ്ങളുടേയും വെയിറ്റേജ് മാർക്കിന്റെ അടിസ്ഥാനത്തിലാണ്. |
| സി) പ്രസ്തുത മാനദണ്ഡത്തിൽ രാഷ്ട്രീയ സാമൂഹ്യ പരിഗണനയുടെ പേരിൽ മാറ്റം വരുത്തി അനർഹർക്ക് ബി.പി.എൽ. കാർഡ് നല്കിയിട്ടുണ്ടെന്ന കാര്യം അറിയാമോ ;<br>ഡി) കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം ബി.പി.എൽ. കാർഡിന് അർഹരായ നിരവധി പേർക്ക് അത് ലഭിച്ചിട്ടില്ലെന്ന കാര്യം പരിഗണിക്കുമോ ;<br>ഇ) എങ്കിൽ ഈ വൈരുദ്ധ്യം പരിഹരിച്ച് അർഹരായവർക്കെല്ലാം ബി. പി.എൽ. കാർഡ് ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ ? | സി), ഡി) & ഇ) | വിവരം ശേഖരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ